"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിയും മാനദണ്ഡം നിശ്ചയിച്ചും ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.550/2024/F&P തീയതി,തിരുവനന്തപുരം, 30-08-2024

---

പരാമർശം:-

1. 07.12.2013ലെ സ.ഉ(സാധാ)നം.72/12/മതുവ
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.05.2024െയും 01/08/2024-ലെയും എച്ച്.ഇ.സി.ഇ/27/2024/ബി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ പരാമർശം (1) സർക്കാർ ഉത്തരവു പ്രകാരം സൃഷ്ടിച്ച എക്സി.എഞ്ചിനീയർ തസ്തിക 01.06.2024 മുതൽ ഒഴിഞ്ഞു കിടക്കുകയാണെന്നും നിലവിൽ അസി.എക്സി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യത നേടിയിട്ടില്ലയെന്നും പരാമർശ കത്തുകൾ പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. വകുപ്പിലെ ഒരേയൊരു എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ആളില്ലാത്ത പക്ഷം വകുപ്പിന്റെ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വൈദ്യുതീകരണം നടത്തി പൂർത്തിയാക്കുവാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുമെന്നും നിലവിലെ അസി.എക്സി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) പ്രമോഷന് ആവശ്യമായ യോഗ്യത നേടുന്നതുവരെ മറ്റു വകുപ്പുകളിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലോ സമാന തസ്തികയിലോ സേവനമനുഷ്ഠിക്കുന്നവരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും കൂടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് നിലവിൽ വകുപ്പിൽ ജോലി

ചെയ്തുവരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) പ്രമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യത നേടുന്നതുവരെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ മറ്റു വകുപ്പുകളിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലോ സമാന തസ്തികയിലോ സേവനമനുഷ്ഠിക്കുന്നവരെ അന്യത്ര സേവന വ്യവസ്ഥയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരം നിയമിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**യോഗ്യതയും ജോലി പരിചയവും** - *ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദവും, സർക്കാർ വകുപ്പുകളിൽ ആകെ 15 വർഷത്തെ സേവനവും , ആയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 3 വർഷത്തിൽ കുറയാത്ത സേവനവും.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡീഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം
Signed by
R. Narendra Varma
Date: 31-08-2024 11:27:33
സെക്ഷൻ ഓഫീസർ